KOTTAYAM PUBLIC LIBRARY

Call No. [illegible] Acc. No. [illegible]

Author [illegible]

Title [illegible]

DISTRIBUTING LIBRARY
No..........
KOTTAYAM.

# മലനാട്ടിലെ മഹാവീരൻ

(കുട്ടികളുടെ പഴശ്ശിത്തമ്പുരാൻ)

# MALANATTILE MAHAVEERAN

K. V. M.

*Publishers:*
P. K. BROTHERS, CALICUT.

# മലനാട്ടിലെ മഹാവീരൻ

(കുട്ടികളുടെ പഴശ്ശിത്തമ്പുരാൻ)

85835

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTING LIBRARY
No. 8805
KOTTAYAM.

കെ. വി. എം.

പ്രസാധകന്മാർ

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

First Edition
Copies 1000
February 1964

Copy right to
PUBLISHERS

1708
K.M

Price 60 nP

Printed at
M.A.M. PRESS, CALICUT.

DISTRIBUTING LIBRARY
No. ..........
KOTTAYAM.

# മലനാട്ടിലെ മഹാവീരൻ

—o—

മലനാട്ട് എന്നു് പ്രസിദ്ധമായ മലയാളരാജ്യത്തിന്റെ ചരിത്രത്തിൽ മറക്കാൻ വയ്യാത്ത ഒരു സംഭവമാണു് മൈസൂരിൽനിന്നുള്ള ആക്രമണം. മൈസൂർരാജ്യത്തിന്റെ അധിപനായിത്തീർന്ന ഹൈദർനായ്ക്കൻ മലനാട്ട് കീഴടക്കുന്നതിനുവേണ്ടി ഇവിടെ ആക്രമണം നടത്തി; ഹൈദരുടെ മകനായ ടിപ്പുസുൽത്താൻ ഇന്നാട്ടുകാരെ തന്റെ മതത്തിൽ ചേർക്കുന്നതിനുവേണ്ടിയും ഇവിടെയ്ക്കു സൈന്യത്തെ നയിച്ചു. 'മൈസൂർപുലി' എന്നു വിളികൊണ്ട ടിപ്പുവിന്റെ സൈന്യങ്ങളോട്ട് ചെറുത്തുനില്ലാൻ ശക്തിയില്ലാതെ മലയാളരാജ്യത്തെ രാജാക്കന്മാരും പ്രഭുക്കന്മാരും തിരുവിതാംകൂറിലേക്കു് ഓടി. ഒട്ടുവളരെ കുടുംബക്കാർ കാടുകളിൽ അഭയംതേടി, വള്ള

രെ ആളുകൾ മുഹമ്മദുമതം സ്വീകരിച്ച് ടിപ്പുവിൻെറ ആക്രമണത്തിൽനിന്ന് രക്ഷനേടി.

മലയാളത്തിൽ ശക്തന്മാരായിരുന്ന സാമൂതിരി, വള്ളുക്കനോരി, പോർളാതിരി, കോലത്തിരി തുടങ്ങിയുള്ള രാജാക്കന്മാർ തിരുവിതാംകൂറിൽചെന്ന് അഭയംപ്രാപിച്ചു. കോട്ടയത്തെ രാജാക്കന്മാരും തിരുവിതാംകൂറിലേക്കു കഴിച്ചുപോയി. സാമൂതിരി മുതലായ രാജാക്കന്മാരുടെ നാടുകളിൽ യുദ്ധവീരന്മാരായ നായന്മാർ ധാരാളമുണ്ടായിരുന്നുവെങ്കിലും അവരെ സ്വരൂപിച്ച് ശത്രുക്കളുടെ നേർക്ക് നയിക്കുവാൻ ആരുമില്ലാതിരുന്നതുകൊണ്ടു് അവരുടെ പരാക്രമം ഫലത്തിൽ വന്നില്ല. മൈസൂർ പട്ടാളം മലയാളത്തിൽ മഹാജനങ്ങളെ വേട്ടയാടിയും അവരുടെ സ്വത്തുക്കൾ കൊള്ളചെയ്തും എല്ലാ സ്ഥലങ്ങളിലും നടമാടുവാൻ തുടങ്ങി. മഹിമയുള്ള മലനാട്ട് അരാജകത്വത്തിൻെറ നടനരംഗമായിത്തീർന്നു.

എന്നാൽ സാമൂതിരി മുതലായ രാജാക്കന്മാരെപ്പോലെ നാടും നഗരവും ഉപേക്ഷിച്ചു അന്യരാജ്യത്തുപോയി അഭയംപ്രാപിക്കാതെ ശത്രുപക്ഷത്തോടെതിരിടുവാൻ തക്ക ധൈര്യമുള്ളവനായിട്ടു് മലനാട്ടിൽ മഹാവീരനായ ഒരു രാജാവുണ്ടായിരുന്നു. അതു് കോട്ടയം രാജവംശത്തിലെ നാലാംമുറരാജാവായ കേരള വർമ്മ പഴശ്ശിരാജാവായിരുന്നു. ഇരുപത്തൊന്നു് വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ വീരൻ ഭീരുത്വത്തിനു വിധേയനാകാതെ രാജ്യത്തേയും പ്രജകളേയും മലയാളികളുടെ മാന

ത്തേയും രക്ഷിക്കുവാനുറച്ച് തൻെറ വാസസ്ഥലമായ പഴശ്ശിക്കോട്ടയിൽ തന്നെ പാർപ്പുറപ്പിച്ചു. ധീരനും ശൂരനുമായ അദ്ദേഹം കോട്ടയം, വയനാട്ട് തുടങ്ങിയ നാട്ടുകളിലെ നായന്മാരുടെ നേതൃത്വം വഹിച്ച് മൈസൂർ ശക്തിയെ പ്രതിരോധിയ്ക്കുന്നതിനുവേണ്ട പ്രയത്നങ്ങൾ ചെയ്തു.

ടിപ്പു പലപ്രകാരത്തിലുമുള്ള ഉപായങ്ങളെ പ്രയോഗിച്ചിട്ടും പഴശ്ശിരാജാവിനെ നാട്ടിൽ നിന്നോടിയ്ക്കുവാനോ, കീഴടക്കുവാനോ ശക്തനായില്ല. അദ്ദേഹത്തെ ജയിക്കുന്നതിനുവേണ്ടി ടിപ്പു യുദ്ധവീരന്മാരായ സേനാധിപതികളുടെ വരുതിയിൽ വളരെ പട്ടാളക്കാരെ നിയോഗിച്ചയച്ചു. അജയ്യമായ ആ മൈസൂർ പട പഴശ്ശീനാട്ടിൽ പരന്നപ്പോൾ കേരള വർമ്മരാജാവ് പുരളി മലകളിലും, വയനാട്ടിലെ കാടുകളിലും കയറി ശത്രുസൈന്യങ്ങളെ ചെറുത്തു. മൈസൂർ പട വല്ല സ്ഥലത്തും പാളയം കെട്ടി താമസിച്ചാൽ പഴശിതമ്പുരാൻെറ പടയാളികൾ രാത്രി സമയങ്ങളിൽ ആരുമറിയാതെ ചെന്ന് അവരെ നശിപ്പിക്കുകയും,അവരുടെ ആഹാരപദാർത്ഥങ്ങൾ കൊള്ളചെയ്ത് പാളയം കൊള്ളിവെച്ച് തിരിച്ച്പോവുകയും പതിവായിത്തീർന്നു. ടിപ്പുവിൻെറ സൈന്യങ്ങളിൽ ഒട്ടുവളരെപ്പേർ ഇങ്ങിനെ നാശമടഞ്ഞു. തമ്പുരാൻ എവിടെയാണെന്ന് അറിയുന്നതിനുപോലും ടിപ്പുവിന്നും പടയാളികൾക്കും സാധിച്ചില്ല. ഇങ്ങിനെ പത്തുവർഷത്തോളം കാലം പഴശിരാജാവ് ടിപ്പുവിൻെറ ആക്രമണത്തെ തടുത്തുനിന്നു.

"പഴശിയിലെ ചെകുത്താ"നെ നാട്ടിൽനിന്നു കാട്ടിലേയ്ക്കു് കയററുവാൻ ടിപ്പുവിന്നു് സാധിച്ചു; എന്നാൽ മൈസൂർപ്പുലിയെ വേട്ടയാടുവാൻ നാടല്ല കാടാണു് കൂടുതൽ നല്ല സങ്കേതമെന്നു് അദ്ദേഹം അനുഭവങ്ങളെകൊണ്ടു തെളിയിച്ചു. കോട്ടയം കേരളവർമ്മ രാജാവിനെ ടിപ്പു 'പഴശിയിലെ ചെകുത്താൻ' എന്നാണത്രെ പറഞ്ഞിരുന്നതു്. എന്നാൽ ആ മഹാനുഭാവനെ കേരളത്തിന്റെ സ്വാതന്ത്ര്യ രക്ഷകൻ, മലനാട്ടിലെ മഹാവീരൻ, കോട്ടയത്തെ കെടാവിളക്കു് എന്നു തുടങ്ങിയ വീരനാമങ്ങളെകൊണ്ടാണു് നാം അറിയുന്നതു്. വിജയവും മരണവും അദ്ദേഹത്തിന്നു് തുല്യമായിരുന്നു. മരണം സംഭവിച്ചാൽ കൂടിയും മാനം വെടിയുകയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. മലയാളനാട്ടിന്റെ സ്വാതന്ത്ര്യവും അഭിമാനവും സംരക്ഷിക്കുന്നതിന്നുവേണ്ടി ആത്മാർപ്പണം ചെയ്‌വാൻ സന്നദ്ധനായ ആ മഹാവീരന്റെ ചരിത്രം തങ്കലിപികൾകൊണ്ടു രേഖപ്പെടുത്തത്തക്കതാകുന്നു.

കോട്ടയം സൈന്യങ്ങളെക്കൊണ്ടുള്ള ശല്യം തുടന്നുകൊണ്ടിരിയ്ക്കുന്ന ഘട്ടത്തിൽ ടിപ്പുവിന്നു് പ്രബലനായ മറെറാരു ശത്രുഉണ്ടായിതീൎന്നു. ഇംഗ്ലീഷുകമ്പനിക്കാരായിരുന്നു ടിപ്പുവിന്നു വിരോധിയായി തീൎന്നതു്. കച്ചവടത്തിന്നുവേണ്ടി ഇന്ത്യയിൽ വന്നവരാണു് ഇംഗ്ലീഷു് കമ്പനിക്കാർ. എങ്കിലും അവർ ക്രമത്തിൽ ക്രമത്തിൽ ഇന്ത്യയുടെ ഭരണാധികാരം കൈവശപ്പെടുത്തുവാൻ തുടങ്ങി. അ

വരുടെ കച്ചവടത്തിൻെറ രക്ഷയ്ക്കു മലയാളത്തിലും ഒരു ചെറിയ കോട്ടയും കുറെ പട്ടാളക്കാരും ഉണ്ടായിരുന്നു. അതു് തലശ്ശേരി പട്ടണത്തിലായിരുന്നു.

ടിപ്പു പരന്ത്രീസുകാരുമായി ബന്ധംപുലർത്തിവന്നതിനാൽ പാശ്ചാത്യ സമ്പ്രദായമനുസരിച്ചുള്ള യുദ്ധമുറകളിലും പരിചയമുള്ളവനായതുകൊണ്ടു് ഇംഗ്ലീഷ്കമ്പനിക്കാൎക്കു് ആയാളോടെതിരിടുവാൻ തക്കതായ കരുതൽ വേണ്ടിയിരുന്നു. കോറൺവാലീസ് എന്ന ഗവർണ്ണർ ജനറലുടെ കീഴിൽ ടിപ്പുവിനോടു സമരംചെയ്യുന്നതിനായി ഒരു വലിയ സൈന്യത്തെ ഇംഗ്ലീഷ്കമ്പനിക്കാർ തെയ്യാറാക്കി. കിഴക്കുനിന്നും പടിഞ്ഞാറു നിന്നും ഒരേ സമയത്തു് ടിപ്പുവിനെ ആക്രമിയ്ക്കുന്നതിന്നാണു് ഇംഗ്ലീഷ് കാർ തീരുമാനിച്ചതു്. മലയാളക്കരവഴിക്കു് പടിഞ്ഞാറു നിന്നു് ഒരാക്രമണം നടത്തിയാലേ ടിപ്പുവിന്നു പരന്ത്രീസുകാരുമായുള്ള ബന്ധത്തെ വേർപെടുത്തുവാൻ സാധിയ്ക്കുയുള്ളുവെന്നാണു് ഇംഗ്ലീഷ്കാർ ഉറച്ചതു്. മലയാളക്കര വഴിക്കു് ടിപ്പുവിനെ എതിക്കേണമെങ്കിൽ മലയാളത്തിലെ രാജാക്കന്മാരുടെ സഹായം ഇംഗ്ലീഷ് കമ്പനിക്കാൎക്കു് ഒഴിച്ചുകൂടാത്തതായിരുന്നു. അതിന്നു് അവർ ഒരുപായം പ്രയോഗിച്ചു. മലയാളത്തിൽ ആധിപത്യം സ്ഥാപിക്കുവാൻ തുടങ്ങിയിരിക്കുന്ന ടിപ്പുവിനെ യുദ്ധം ചെയ്തോടിക്കുന്നതിന്നു തങ്ങൾ ഒരുങ്ങിയിരിക്കുന്നുവെന്നും മലയാളനാട്ടിലെ രാജാക്കന്മാരും പ്രഭുക്കന്മാരും ഈ ഉദ്യമത്തിൽ തങ്ങളെ സഹായിയ്ക്കേണമെന്നും, തങ്ങൾക്കു ക

ച്ചവടമല്ലാതെ രാജ്യാധിപത്യം വേണമെന്നില്ലെന്നും,തങ്ങളെ സഹായിക്കുന്ന രാജാക്കന്മാർക്ക്, ടിപ്പുവിനെ ഈ നാട്ടിൽ നിന്ന് ഓടിപ്പിച്ചതിന്നു ശേഷം മുമ്പുണ്ടായിരുന്ന രാജ്യാധിപത്യം തിരികെ കൊടുത്തു കൊള്ളാമെന്നും കമ്പനിക്കാർ, സാമൂതിരി മുതലായ രാജാക്കന്മാരെ അറിയിച്ചു. ടിപ്പുവിനെ പേടിച്ചു നാടുവിട്ടോടി പോയിരുന്ന സാമൂതിരി രാജാവും മററുരാജാക്കന്മാരും ഇംഗ്ലീഷ്കമ്പനിയെ സഹായിക്കുന്നതിന്നുറച്ച് തിരുവിതാംകൂറിൽ നിന്ന് തങ്ങളുടെ രാജ്യങ്ങളിലേക്കു തിരിച്ചുവന്നു.

എന്നാൽ സ്വരാജ്യം വിട്ട് മററുരാജ്യത്തു പോയി കുറെക്കാലമായി പാർത്തുപോന്ന രാജാക്കന്മാർക്കു തങ്ങളുടെ നാടുകളിൽ മുമ്പിലത്തെപ്പോലെ പൌരുഷവും ശക്തിയും പ്രയോഗിക്കുവാൻ കഴിവില്ലാതെവന്നതിനാൽ അവരുടെ സഹായം കൊണ്ടു് ഇംഗ്ളീഷ്കാർക്കു് ഉദ്ദേശിച്ച ഫലം കൈവന്നില്ല. സ്വന്തം രാജ്യത്തെ ഉപേക്ഷിക്കാതെ ആളും വാളും ശേഖരിച്ച് ടിപ്പുവിനോട്ട് യഥാശക്തി പൊരുതിക്കൊണ്ടിരുന്ന കേരളവർമ്മ പഴശ്ശി രാജാവിന്റെ സഹായം കിട്ടുന്നതായാൽ അതു വലിയൊരു കാര്യമാകുമെന്നു ഇംഗ്ളീഷ് കമ്പനിക്കാർക്ക് തോന്നി. അദ്ദേഹത്തിന്റെ സഹായം അവർ യഥാവസരം ആവശ്യപ്പെടുകയുംചെയ്തു. ടിപ്പുവിനേക്കാൾ പ്രാബല്യമേറിയ ഇംഗ്ളീഷ്കമ്പനിയുടെ മൈത്രി സമ്പാദിക്കുന്നതു് കേരളവർമ്മ രാജാവിന്നു് അളവററ സന്തോഷം ഉളവാക്കി. പക്ഷെ യുദ്ധത്തിൽസഹായം ചെയ്താൽകൊ

ള്ളാമെന്നു് ആവശ്യപ്പെട്ടകമാത്രം ചെയ്താൽ മതിയാക യില്ലെന്നും, താനും ഇംഗ്ലീഷ് കമ്പനിയും തമ്മിലുള്ള ബന്ധത്തെ ഒരു ഉടമ്പടി പ്രകാരം തീർച്ചപ്പെടുത്തിയാൽ മാത്രമെ താൻ സഹായം ചെയ്യുവാൻ തയ്യാറുള്ളവെന്നും കേരളവർമ്മ രാജാവു് ഇംഗ്ലീഷ്കമ്പനിയെ അറിയിച്ചു. അതുപ്രകാരം ഇരുകക്ഷികൾക്കും ബാധകമായവിധത്തിൽ ഒരു ഉടമ്പടി എഴുതി ഒപ്പിട്ടു ടിപ്പുവിനോടുള്ള യുദ്ധത്തിൽ പരസ്പരം സഹായിച്ചു് ഒരുകക്ഷിയെന്ന നിലയിൽ പ്രവർത്തിച്ചുകൊള്ളാമെന്നും, ടിപ്പുവിനെ ജയിച്ചു് മലയാളരാജ്യം വീണ്ടെടുത്താൽ കോട്ടയം രാജസ്വരൂപത്തിലേക്കു പുരാതനമായുള്ള നാടുകൾ കേരളവർമ്മ പഴശ്ശിരാജാവിന്റെ പരമാധികാരത്തിൽ സ്വാതന്ത്ര്യത്തോടുകൂടി വിട്ടുകൊടുക്കാമെന്നുമായിരുന്നു ഉടമ്പടിയിലെ നിശ്ചയം.

അതു പ്രകാരം ഇംഗ്ലീഷ് കമ്പനിയും ടിപ്പുവുംതമ്മിൽ ശക്തിയോടുകൂടിയ സമരം ആരംഭിച്ചു. പഴശ്ശിരാജാവിന്റെ കീഴിൽ അതിസമർത്ഥരായ നാടൻ പടയാളികളും "കുറച്ചിയർ" എന്ന പേരിൽ അറിയപ്പെടുന്ന മലയപ്പടയാളികളും ധാരാളമുണ്ടായിരുന്നു. കേരളത്തിന്റെ ഉത്തരഭാഗങ്ങളിൽ ടിപ്പുവിന്റെ സൈന്യങ്ങൾക്കു നില്ക്കള്ളിയില്ലാതാക്കുവാൻ അവർക്കു പ്രയാസമുണ്ടായില്ല. കമ്പനിപ്പട്ടാളക്കാർ യൂറോപ്യൻ സമ്പ്രദായത്തിലുള്ള ആയുധങ്ങളും സാമഗ്രികളും കൈവശമുള്ളവരും യുദ്ധമുറകളിൽ നല്ലപഴക്കവും തഴക്കവും സിദ്ധിച്ചവരു

മായിരുന്നു. കമ്പനിക്കാർ കേരളവർമ്മയുടെ സഹായ ത്തോടുകൂടി മൈസൂർപ്പുലിയെ മലയാളത്തിൽ നിന്നു് ഓടിക്കുക തന്നെചെയ്തു. ടിപ്പുവും ഇംഗ്ലീഷ് കമ്പനി യുമായി ഒരു ഉടമ്പടി എഴുതി ഒപ്പിടുകയും, ടിപ്പു മല യാളക്കരയിൽ നിന്നു കെട്ടു കെട്ടുകയും ചെയ്തു. മലയാള ക്കരയുടെ ആധിപത്യം ഇംഗ്ലീഷ് കമ്പനിക്കും വിട്ടു കൊടുത്തിരിക്കുന്നു വെന്നായിരുന്നു ഗവർണ്ണർ ജനറാളും ടിപ്പുവുമായി ചെയ്ത ഉടമ്പടിയിലെ നിശ്ചയം

പക്ഷെ യുദ്ധം അവസാനിപ്പിച്ചപ്പോഠം കമ്പനി ക്കാരുടെ മട്ട് ആകപ്പാടെ ഒന്നു മാറി. ടിപ്പുവിനെ ഓടി ച്ചുകഴിഞ്ഞാൽ മലയാളത്തിലെ രാജാക്കന്മാൎക്കു തന്നെ അവരുടെ രാജാധികാരം വിട്ടുകൊടുക്കാമെന്നാണല്ലൊ മുമ്പു നിശ്ചയം ചെയ്തിരുന്നതു്. വിജയം കൊണ്ടു മതി മറന്നുവശായ കമ്പനിക്കാർ മുമ്പിലത്തെ ആ നിശ്ചയ ത്തെ മാനിക്കുവാൻ തെയ്യാറായില്ല.മലയാളക്കരയുടെരാ ജാധികാരം ഇംഗ്ലീഷ് കമ്പനിയ്ക്കാണ് ടിപ്പുവിട്ടുകൊ ടുത്തിരിക്കുന്നതെന്നും അതു കമ്പനിയിൽ തന്നെ സ്ഥി തി ചെയ്യുമെന്നും അവർ നാട്ടുരാജാക്കന്മാരെ അറിയിച്ചു. കച്ചവടത്തിനുമാത്രമായി കേരളത്തിൽ വന്നവരായ ഇം ഗ്ലിഷ് കമ്പനിക്കാൎക്ക് കേരളത്തിൻെറ ഭരണാധികാ രം തന്നെ സിദ്ധിച്ചിരിയ്ക്കെ, അതിനെ ഉപേക്ഷിക്കുവാൻ എങ്ങിനെ മനസ്സുവരും? അവരുടെ കച്ചവടത്തിനു് ഒ ഴിച്ചു കൂടാത്തവയായ കുരുമുളക്, ഏലം, മുതലായസാ ധങ്ങളുടെ വിളനിലമാണ് കേരളം. അതിൻെറഭരണാ

ധികാരം നാട്ടുരാജാക്കന്മാരുടെ അധീനതയിൽതന്നെ ഇരിക്കുന്ന പക്ഷം അവരുടെ അനുമതിയോടും കൂടിവേണമല്ലോ ആവക കച്ചവടച്ചരക്കുകൾ ശേഖരിക്കുവാൻ.കേരളത്തിലെ രാജാക്കന്മാരുടെ സഹായം ആവശ്യപ്പെട്ടപ്പോൾ യുദ്ധാനന്തരം രാജ്യംഅവർക്കുതന്നെ വിട്ടുകൊടുക്കാമെന്നു നിശ്ചയിച്ചിരുന്നുവെങ്കിലും,ടിപ്പു കേരളത്തിൻെറ ആധിപത്യം കമ്പനിക്കു് ഏല്പിച്ചുതന്ന സ്ഥിതിക്കു് ആ നിശ്ചയം തെററിക്കുന്നതിന്നു് വിരോധമില്ലെന്നാണ് കമ്പനിക്കാർ ഉറച്ചതു്. അതിനാൽ ടിപ്പുവിൻെറ അധീനതയിൽ നിന്നു കൈവശപ്പെടുത്തിയ നാടുകൾ ഇംഗ്ലീഷ് കമ്പനിയുടെ ഉടമസ്ഥതയിൽ ലയിച്ചുവെന്നും, അവയുടെ പൂർണ്ണാധികാരം കമ്പനിയ്ക്കു തന്നെയാണെന്നും അവർ വിളംബരം ചെയ്തു.

എന്നാൽ, രാജാധികാരം തങ്ങളിലാണിരിക്കുന്നതെന്നു വിളംബരം ചെയ്തതു കൊണ്ടുമാത്രം ആ അധികാരം നടത്തുവാൻ സാധിക്കുമോ? ഭരണം നടത്തുന്നതിന്നു് വേണ്ട സൌകര്യം നികുതിവസൂലാക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാർ, സമാധാനപാലനത്തിന്നും, നീതിന്യായങ്ങളുടെ നടത്തിപ്പിന്നും വേണ്ട സ്ഥാപനങ്ങൾ മുതലായവ കമ്പനിക്കാർക്കു് കേരളത്തിലുണ്ടായിരുന്നില്ല. ആകയാൽ മലയാളക്കര കമ്പനിയുടെ ഉടമസ്ഥതയിലും അധികാരത്തിലും ലയിച്ചിരിക്കുന്നുവെന്നുള്ള പ്രഖ്യാപനംകൊണ്ടു് ഈ നാട്ടിൽ ഒരുവക അരാജകത്വമാണ്‌വന്നുചേർന്നതു്. കേരളത്തിലെ ഓരോ നാടുകളിൽ വാണുകൊണ്ടി

രുന്ന രാജാക്കന്മാർ കമ്പനിയുടെ അധികാരം ഉറച്ചുവരു ന്നതിന്നുമുമ്പായി കിട്ടാവുന്നേടത്തോളം ധനം തട്ടിയെ ടുക്കുവാൻ വെമ്പൽ കൊണ്ടു. രാജാക്കന്മാരും അവരുടെ പാർശ്വക്കാരും ചാർച്ചക്കാരും വേഴ്ചക്കാരുംകൂടി പ്രജ കളെ ദ്രോഹിച്ചും നിർബ്ബന്ധിച്ചും കഴിവുള്ളേടത്തോളം സ്വത്തുക്കൾ കരസ്ഥമാക്കുവാൻ നോക്കി.കമ്പനിക്കാരെ കൊണ്ട് പ്രജകളിൽ നിന്നു നേരിട്ടു നികുതി പിരിച്ചെടു പ്പാൻ സാധിച്ചില്ല. അതിനാൽ അവർ അയ്യഞ്ചുകൊല്ലം കാലത്തേക്കുനികുതി പിരിച്ചടക്കുവാനു അധികാരം നാ ട്ടുരാജാക്കന്മാരെത്തന്നെ ഏല്പിക്കുകയാണ് ചെയ്തതു്. യുദ്ധാരംഭത്തിൽചെയ്ത കരാറു ലംഘിച്ചതുകൊണ്ടു കമ്പ നിയുമായി വിരോധം ഭാവിച്ചിരുന്ന നാട്ടുരാജാക്കന്മാരെ ഒതുക്കി നിറുത്തുന്നതിന്നു് നികുതി പിരിപ്പാനുള്ള അധി കാരം അവരെ ഏല്പിക്കുന്നതു് പ്രയോജനകരമായിരി ക്കുമെന്നു് കമ്പനിക്കാർ കരുതി.

പക്ഷെ നികുതിപിരിവിനുള്ള അധികാരം നാട്ടുരാ ജാക്കന്മരെഏല്പിച്ചതു കൊണ്ടുകമ്പനിക്കാർ ഉദ്ദേശിച്ച ഫലം അവർക്കുണ്ടായില്ല. കൊല്ലം തോറുമുള്ള നികുതി ഒരു രാജാവിൻെറ കയ്യിൽ നിന്നു കമ്പനിക്കാർക്കു്ശരി ക്കു കിട്ടിയില്ല. നാട്ടുകാരാണെങ്കിൽ നികുതിയുടെ ഭാരം കൊണ്ടുകഷ്ടത്തിലാകയുംചെയ്തു. അഞ്ചുകൊല്ലത്തിന്നുള്ളി ൽ നാട്ടിൽ നിന്നു കിട്ടാവുന്നേടത്തോളം മുതൽ പിഴി ഞ്ഞെടുത്തു സ്വന്തമാക്കുവാനാണ് ഓരോ നാട്ടുരാജാവും ഉദ്യമിച്ചതു്.

DISTRIBUTING LIBRARY KOTTAYAM

ടിപ്പുവിനോട്ട് യുദ്ധത്തിന്നു പുറപ്പെട്ടപ്പോൾ ചെയ്ത ഉടമ്പടിയിലെ നിശ്ചയത്തെ യുദ്ധാനന്തരം കമ്പനിക്കാർ പ്രത്യക്ഷമായി ലംഘിച്ചത് കേരളത്തിലെ രാജാക്കന്മാർക്ക് അശേഷം രസിച്ചില്ല. എങ്കിലും ടിപ്പുവിനോട്ട് പിടിച്ചെടുത്ത നാട്ടുകളുടെ ഉടമസ്ഥത തങ്ങൾക്കാണെന്ന് കമ്പനിക്കാർ ചെയ്ത നിശ്ചയത്തെ എതിർക്കുവാൻ സാമൂതിരി തുടങ്ങിയ രാജാക്കന്മാർക്ക് ശക്തിയുണ്ടായിരുന്നില്ല; അതിന്നവർ ഒരുങ്ങിയതുമില്ല.

എന്നാൽ ഒരു നാട്ടുരാജാവു മാത്രം കമ്പനിയുടെധികാരത്തെ പൊറുക്കുവാൻ സന്നദ്ധനായില്ല. അത് കോട്ടയത്തെ കേരളവർമ്മ പഴശ്ശിരാജാവല്ലാതെ മററാരുമല്ല. കമ്പനിയും താനും തമ്മിൽ ചെയ്തുവെച്ച ഉടമ്പടി അനുസരിച്ചു നടപ്പാൻ കമ്പനി ഒരുക്കമില്ലെന്ന് എപ്പോൾ മനസ്സിലായോ അപ്പോൾമുതൽക്ക് കേരളവർമ്മ കമ്പനിയോട്ട് യുദ്ധംചെയ്‌വാൻ തന്നെ നിശ്ചയിച്ചു. തനിക്കധികാരപ്പെട്ട കോട്ടയം വയനാട്ട് എന്നീ നാട്ടുകളിൽ കമ്പനിക്ക് യാതൊരുവിധത്തിലുമുള്ള ഉടമസ്ഥതയും അധികാരവും ഇല്ലെന്നാക്കുവാൻ കേരളവർമ്മ ശ്രമിച്ചു; ആ ശ്രമം അനുഭവംകൊണ്ടു കമ്പനിക്കാർ മനസ്സിലാക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന നയം കമ്പനി പ്രയോഗിച്ചുനോക്കി. കുറുമ്പ്രനാട്ടു രാജാവിനെ കൂട്ടുപിടിച്ച് കോട്ടയത്തെ കേരളവർമ്മരാജാവിനോട്ട് എതിരിടുവാനാണ് കമ്പനി മുതിന്നത്. പക്ഷെ, കേരളവർമ്മ രാജാവിൻെറ പ്രതാപത്തി

ന്നു മുമ്പിൽ കുറുമ്പ്രനാട്ടുരാജാവിനു് വെറുമൊരു രാജ വേഷധാരിയുടെ നില മാത്രമെ കിട്ടിയുള്ളു. കുറുമ്പ്രനാട്ടുരാജാവും കമ്പനി ഉദ്യോഗസ്ഥന്മാരും എത്ര ശ്രമിച്ചിട്ടും കോട്ടയത്തുനിന്നോ വയനാട്ടിൽനിന്നോ നികുതിയായി ചില്ലിക്കാശുപോലും വസൂലാകയോ ഒരു കൊച്ചു കുട്ടിപോലും അവരുടെ ഭാഗത്തു ചേർന്നു നില്ക്കുകയോ ചെയ്തില്ല.

കമ്പനിക്കാർ സ്വാധീനമാക്കിയ മലയാളരാജ്യത്തിൻെറ ഭരണഭാരം അന്നു് ബോംബെയിലുള്ള ബ്രിട്ടീഷ് ഗവർമ്മെൻറാണ് നടത്തിയിരുന്നതു്. ബോംബെ ഗവർമ്മെണ്ടിന്നു് ഇവിടെ കുറെ സൈന്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പഴശിരാജാവിനെപ്പോലെ പ്രബലനായ ഒരു രാജാവിനെ യുദ്ധം ചെയ്തു കീഴടക്കുവാൻ വേണ്ടടത്തോളം സേനാബലം ഉണ്ടായിരുന്നില്ല. തങ്ങളുടെ ആജ്ഞയെ ധിക്കരിച്ചു നടക്കുവാൻ തുടങ്ങിയ പഴശിരാജാവിനോട്ടു് ഉടമ്പടി ചെയ്കതന്നെയാണു് നല്ലതെന്നു് ഗവർമ്മെണ്ടു് തീരുമാനിച്ചു; ഒരുടമ്പടി ചെയ്യുന്നതിന്നു് തലശ്ശേരിയിലുണ്ടായിരുന്ന സൂപ്രവൈസർക്കു് കല്പന കൊടുക്കുകയും ചെയ്തു.

ആ ഉടമ്പടി പ്രകാരം കേരളവർമ്മ രാജാവ് വീണ്ടും പഴശിക്കോട്ടയിൽ തന്നെ താമസിച്ചു നാടുവാഴുവാൻ തുടങ്ങി. എങ്കിലും പുരാതനമായി ഉണ്ടായിരുന്ന നാടുകൾ സ്വാതന്ത്ര്യത്തോടുകൂടി അദ്ദേഹത്തിന്നു വിട്ടുകൊടുക്കുവാൻ കമ്പനിക്കാർ സമ്മതിച്ചില്ല; ഗവർമ്മെണ്ടി

ൻെറ കീഴിൽ ഒരു സാമന്ത രാജാവായി വാഴുവാനേ ഗവർമ്മേണ്ടു് അദ്ദേഹത്തെ അനുവദിച്ചിട്ടുള്ളു. എന്നാൽ കമ്പനിക്കാരുടെ കീഴിൽ ഒരു കാര്യസ്ഥൻെറ നിലയിൽ നാട്ടിൽനിന്നു നികുതിപിരിച്ചു അവർക്കു് കൊടുക്കുവാൻ തമ്പുരാനും സമ്മതിച്ചില്ല. ഇങ്ങിനെ പരസ്പരം പൊരുത്തപ്പെടാത്ത ഒരു നിലയാണു് കമ്പനിക്കാർക്കും തമ്പുരാനും മേല്പറഞ്ഞ ഉടമ്പടിമൂലം വന്നുചേൎന്നതു്. പഴശിത്തമ്പുരാനെ പുതിയൊരു ഉടമ്പടി ചെയ്തു പാട്ടിൽ പിടിയ്ക്കുവാൻ ഇംഗ്ലീഷു കമ്പനിയെ പ്രേരിപ്പിച്ച സംഗതി വേറെ ഒന്നായിരുന്നു. ടിപ്പുവിനെ ജയിച്ചു മലയാളക്കര കൈവശപ്പെടുത്തിക്കഴിഞ്ഞുവെങ്കിലും വീരനും ധീരനുമായ അദ്ദേഹത്തോടു് കുറെക്കൂടി ഘോരമായ ഒരു യുദ്ധത്തിൽ ഇംഗ്ലീഷുകാർക്കു് ഇറങ്ങേണ്ടിവന്നു. ടിപ്പുവിൻെറ ആധിപത്യത്തിലിരുന്നിരുന്ന മൈസൂർ രാജ്യം കീഴടക്കണമെന്നു് കമ്പനിക്കാർക്കു് ഉദ്ദേശമുണ്ടായിരുന്നു. ആ ഉദ്ദേശം സഫലമാക്കുവാൻ മുമ്പിലത്തെ ഗവൎണ്ണർ ജനറാൾ ഒരുങ്ങിയിരുന്നില്ല. മോർണിങ്ങ്ടൺ പ്രഭു പുതിയ ഗവൎണ്ണർജനറാളായി വന്നതോടുകൂടി മൈസൂർ രാജ്യം പിടിച്ചടക്കുന്നതിനുള്ള ഉദ്ദേശത്തിനു ശക്തികൂടി. കൊടകിൽകൂടിയും ബങ്ക്ളൂരിൽകൂടിയും ടിപ്പുവിനെ ആക്രമിക്കണമെന്നാണു് പുതിയ ഗവൎണ്ണർജനറാൾ നിശ്ചയിച്ചതു്. പഴശിരാജാവു് വിരോധിയായി നില്ക്കുന്നതായാൽ കൊടകിൽകൂടിയുള്ള ആക്രമണം അസാദ്ധ്യമായിത്തീരും. അതിനാലാണു് പഴശി രാജാവിനെ

സന്ധിചെയ്തു സന്തോഷിപ്പിയ്ക്കുവാൻ കമ്പനിക്കാർ മുതിർന്നതു്.

മൈസൂർ പിടിച്ചടക്കുന്നതിന്നുള്ള യുദ്ധം ശക്തിയോടുകൂടി ആരംഭിച്ചു. ശ്രീരംഗപട്ടണത്തിൽ വെച്ചുണ്ടായ ഘോരസമരത്തിൽ ടിപ്പു വീരസ്വർഗ്ഗം പ്രാപിച്ചതോടുകൂടി മൈസൂർ കമ്പനിക്കാരുടെ കൈവശമായി. പിന്നെ അവർക്കു് പഴശിത്തമ്പുരാൻെറ സഹായം ആവശ്യമില്ലെന്നു വന്നു. അദ്ദേഹവുമായി ചെയ്ത ഉടമ്പടിയിലെ നിബന്ധനകൾ ഓരോന്നായി കമ്പനിക്കാർ ലംഘിക്കുവാൻ തുടങ്ങി. ഓരോരോ കാരണം കാണിച്ചു് കമ്പനി തമ്പുരാൻെറ കാര്യങ്ങളിൽ ഇടങ്കോലിടുവാൻ തുടങ്ങി. തമ്പുരാൻെറ ഭരണത്തിലിരിയ്ക്കുന്ന രാജ്യവും കേരളത്തിലെ മററു നാടുകൾപോലെതന്നെ തങ്ങളുടെ പൂർണ്ണാധികാരത്തിൽ ഇരിയ്ക്കുന്നതാണെന്നു് കമ്പനിക്കാർ ശഠിച്ചു. ആ ശാഠ്യത്തിന്നു തമ്പുരാൻ വഴങ്ങിക്കൊടുത്തില്ല. അതിനാൽ പഴശിത്തമ്പുരാനും ഇംഗ്ലീഷുകമ്പനിയും തമ്മിൽ പിന്നെയും യുദ്ധത്തിൽതന്നെ ഏർപ്പെട്ടു.

പഴശിരാജാവിൻെറ യുദ്ധസാമർത്ഥ്യവും ബുദ്ധികൌശലവും ഏതാണ്ടൊക്കെ ഇതിനിടയിൽ കമ്പനിക്കാർ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. യുദ്ധനിപുണനായ ഒരു സേനാപതിയുടെ നേതൃത്വത്തിലല്ലാതെ പഴശിയെ ആക്രമിയ്ക്കുന്ന കാര്യം അസാദ്ധ്യമാണെന്നു് അവർ ഉറച്ചു. അതിനാൽ ഒരു തികഞ്ഞ പോരാളിയും പ്രതാ

പിയുമായ ആർതർവെല്ലസ്ലിയെയാണു് കമ്പനിപ്പട്ടാളത്തിൻെറ നേതാവായിട്ടു് ഗവർണ്ണർജനറാൾ നിയമിച്ചതു്. വെല്ലസ്ലി പഴശിയോടു പടവെട്ടുന്നതിന്നായി തലശ്ശേരിയിൽ എത്തി. അതിനോടുകൂടി യുദ്ധത്തിൻെറ സമ്പ്രദായം ആകപ്പാടെ ഒന്നുമാറി. കമ്പനിക്കാരുടെ പ്രവൎത്തനങ്ങളെപ്പററി ചാരന്മാർ മുഖേന പൂർണ്ണവിവരം അന്നന്നു ഗ്രഹിച്ചിരുന്ന പഴശിത്തമ്പുരാൻ ആർതർ വെല്ലസ്ലിയുടെ ആഗമനത്തിന്നുശേഷം പഴശിക്കോട്ടയിൽതന്നെ ഉറച്ചിരിയ്ക്കുന്നതു ബുദ്ധിപൂർവ്വകമാകയില്ലെന്നു തീരുമാനിച്ചു. തൻെറ അനന്തരവന്മാരായ രണ്ടു പേരെയും ഉററ സേവകന്മാരും വിശ്വസ്തന്മാരുമായ ചിലരെയുംകൂട്ടി പഴശിക്കോട്ട വിട്ടു് പുരളിമലയിലേയ്ക്കുതന്നെ താമസം മാററി. നാട്ടിലെ കാര്യങ്ങൾ നടത്തുവാനും, നാട്ടുകാരിൽനിന്നു നികുതി പിരിച്ചു് അവരുടെ രക്ഷാഭാരം നിൎവ്വഹിയ്ക്കുവാനും രണ്ടു കാര്യക്കാരന്മാരെ അധികാരപ്പെടുത്തി നിയമിച്ചിട്ടായിരുന്നു തമ്പുരാൻ പഴശിക്കോട്ടയിൽനിന്നു പോയതു്. നാട്ടുകാര്യങ്ങൾ നടത്തുവാൻ പഴയംവീട്ടിൽ ചന്തുവിനേയും നികുതി പിരിവും രക്ഷാഭാരവും നിൎവ്വഹിപ്പാൻ കൈതേരി അമ്പുനായരെയുമാണു് തമ്പുരാൻ അധികാരപ്പെടുത്തിയതു്. ആ രണ്ടു കാര്യക്കാരന്മാരും പഴശിക്കോട്ടയിൽതന്നെ പാർപ്പുറപ്പിച്ചു.

നാട്ടിലുള്ള കോട്ട ഉപേക്ഷിച്ചു കാടുകയറിയെങ്കിലും കോട്ടയിലെപ്പോലെയുള്ള താമസസൌകൎയ്യങ്ങൾ

കാട്ടിലും തമ്പുരാന് ഉണ്ടായിരുന്നു. തന്റെ കെട്ടില മ്മയേയും അദ്ദേഹം കാട്ടിലേയ്ക്കു കൂട്ടികൊണ്ടുപോയി. നാട്ടിലായാലും കാട്ടിലായാലും പഴശിരാജാവിന്നു് ഒരു വ്രതം ഉണ്ടായിരുന്നു. തന്റെ ഒരുമിച്ചുള്ള ഒരു വെറും ഭടനോടൊപ്പം ഏതു കഷ്ടതകളും ക്ലേശങ്ങളും സഹിയ്ക്കു ന്നതിന്നു് അദ്ദേഹം ഒരുക്കമുണ്ടായിരുന്നു. രാജാവിന്നു് അമൃതേത്തിന്നുള്ള വട്ടമൊന്നു വേറെ, ഭടന്മാരുടെ ഭക്ഷ ണത്തിന്റെ വട്ടമൊന്നു വേറെ എന്ന സമ്പ്രദായം പഴ ശിത്തമ്പുരാന്നുണ്ടായിരുന്നില്ല. ഭടന്മാർ എന്താണോ ഭക്ഷിച്ചിരുന്നതു് അതുതന്നെയാണു് തമ്പുരാനും ഭക്ഷി ച്ചിരുന്നതു്; അവരുടെ കിടപ്പു വെറും നിലത്തോ പാറ പ്പുറത്തോ ആണെങ്കിൽ തമ്പുരാന്റെ പള്ളിക്കുറുപ്പും അ വിടെത്തന്നെയായിരുന്നു. ഈയൊരു ഗുണം രാജസ്ഥാ നത്തിലെ രാജസിംഹമായ റാണാപ്രതാപസിംഹന്നൊ ഴിച്ചു് മറെറാരു രാജാവിന്നും ഉണ്ടായിരുന്നതായി കേട്ടി ട്ടില്ല. രജപുത്രന്മാർ, പ്രതാപസിംഹനെ എന്നപോ ലെ പഴശ്ശിയിലെ പ്രജകൾ കേരളവർമ്മരാജാവിനെ പ്ര ത്യക്ഷദൈവമായി ആരാധിച്ചുവരുവാൻ ഇതാണു് പ്ര ധാനമായ കാരണം.

കേരളവർമ്മ രാജാവു് പുരളിമലയിൽ താമസമാക്കുന്ന തു്ഇതൊന്നാമത്തെ പ്രാവശ്യമല്ല. മുമ്പു്മൈസൂർ പടയു ടെ ആക്രമണം കൊടുമ്പിരികൊണ്ട സമയത്തുംതമ്പുരാൻ പുരളിമലയിലേക്കു കയറുകയാണല്ലോ ഉണ്ടായതു്. കോ ട്ടയം നാട്ടിൽ ബഹുദൂരം വ്യാപിച്ചു കിടക്കുന്നഈ നെടു

നെടുങ്കൻ മലഹിംസ്രമൃഗങ്ങളുടെ വാസസ്ഥാനവും വൃക്ഷപംക്തികളാലും വള്ളിപ്പടർപ്പുകളാലും നിബിഡവുമായ ഒരു ഘോരകാന്താരമാകുന്നു. മുമ്പു മൈസൂർസൈന്യത്തിൻെറ ആക്രമണമുണ്ടായപ്പോൾ കുറച്ചു കാലം പുരളിമലയിൽ താമസമാക്കിയ തമ്പുരാൻ വീണ്ടും തനിക്കു ആ മലയിൽ വരേണ്ടിവന്നേയ്ക്കാമെന്നു ദീർഘദർശനംചെയ്തു് അതിൻെറ ഉൾഭാഗത്തു് ഒരു സ്ഥലത്തു് കാടുവെട്ടിതെളിയിച്ചു ചെറിയൊരു ഗൃഹവും, പുരളീശ്വരന്മാരുടെ പരദേവതയായ ഭഗവതിയുടെ ക്ഷേത്രവും, പരിവാരങ്ങൾക്കു് പാക്കുവാൻ പാകത്തിലുള്ള നെടുമ്പുരകളും ആയുധങ്ങളുടെ സൂക്ഷിപ്പിന്നുപററിയ കുറെ കല്ലറകളും പണിയിച്ചിട്ടുണ്ടായിരുന്നു. ആ സ്ഥലത്തു് എത്തിച്ചേരുവാനുള്ള വഴി സാധാരണക്കാർക്കും അറിവുണ്ടായിരുന്നില്ല; വിശ്വസ്തന്മാരായ ചിലസേനാനായകന്മാർക്കും, അടുത്തു പെരുമാറുന്ന അല്പം ചില ആപ്തമിത്രങ്ങൾക്കും അംഗരക്ഷകന്മാരായ ഏതാനും കുറിച്ചിയർക്കും മാത്രമെ അറിവുണ്ടായിരുന്നുള്ളു. പുരളിമലയിൽ മാത്രമല്ല, വയനാട്ടിലെ വനാന്തരങ്ങളിൽ പല സ്ഥലങ്ങളിൽ ഇപ്രകാരമുള്ള പാർപ്പിടങ്ങൾ തമ്പുരാൻ പണിയിച്ചിരുന്നു. അവിടെയൊക്കെയും കാവൽക്കാരായി കുറിച്ചിയരേയുംവേടന്മാരേയുമാണു് തമ്പുരാൻ നിയമിച്ചിരുന്നതു്.

തലശ്ശേരിയിൽ പുതുതായി വന്നുചേൻ്ന സേനാപതിയായ ആർതർ വെല്ലസ്ലി, പഴശ്ശിരാജാവിൻെറ മലകയററം കമ്പനിയുടെ പുതിയസംരംഭങ്ങൾ മനസ്സിലാ

ക്കുകയാൽ ഉണ്ടായ ഭയത്തിൻെറ ഫലമാണെന്നാണ് കരുതിയതു്. വാസ്തവം അപ്രകാരമായിരുന്നില്ല. പുതിയ ആയുധസാമഗ്രികളോടും യുദ്ധകൌശലത്തോടും കൂടിയ കമ്പനിപ്പടയിൽനിന്നു പെട്ടെന്നു ആക്രമണമുണ്ടാകാതെ കഴിപ്പാനും കമ്പനിപ്പടയെ തക്കവും തഞ്ചവും നോക്കി ഫലപ്രദമായവിധം ആക്രമിച്ചു നശിപ്പിക്കുവാനും പഴശ്ശിക്കോട്ടയിലിരിക്കുന്നതിനേക്കാറം കൂടുതൽ സൌകര്യം മലയിൽ പാർക്കുന്നതാണെന്നായിരുന്നു തമ്പുരാൻ നിശ്ചയിച്ചതു്. എന്നാൽ വെല്ലസ്ലിയുടെ പുതിയ ഏർപ്പാടുകളെയും പടനീക്കങ്ങളേയും സൂക്ഷ്മമായറിഞ്ഞു് തക്ക സമയത്തു്തന്നെ ധരിപ്പിക്കുന്നതിന്നുവേണ്ട ചാരന്മാരെ തമ്പുരാൻ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

"പഴശിരാജാവെന്നു പറയപ്പെടുന്ന കേരളവർമ്മ" രാജ്യം ഉപേക്ഷിച്ചു് കാട്ടിൽ അഭയം പ്രാപിച്ച സ്ഥിതിയ്ക്കു രാജ്യാധികാരം അദ്ദേഹത്തിൽനിന്നു വേർപെടുത്തി കമ്പനിയുടെ കീഴിൽ കൊണ്ടുവരുന്നതിന്നു് എളുപ്പത്തിൽ സാധിയ്ക്കുമെന്നു് കർണ്ണൽ വെല്ലസ്ലി വിചാരിച്ചു. തമ്പുരാനെ സ്ഥാനഭ്രഷ്ടനാക്കുകയും കോട്ടയംനാട്ടിൽ അദ്ദേഹത്തിന്നുള്ള എല്ലാ അധികാരങ്ങളും കമ്പനി നേരിട്ടെടുക്കുകയും ചെയ്തിരിയ്ക്കുന്നതായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയേ ഇതിനു വേണ്ടതുള്ള എന്നാണു് ആ ഇംഗ്ലീഷുസേനാപതി നിശ്ചയിച്ചതു്. പഴശ്ശിരാജാവായ കേരളവർമ്മയ്ക്കോ അദ്ദേഹത്തിൻെറ ആറംക്കാർക്കോ ജനങ്ങറം ആരും യാതൊരു സഹായവും ചെയ്തു

തെന്നും, സഹായം ചെയ്യുന്നവരെ കടുത്ത ശിക്ഷക്കു് പാത്രമാക്കുമെന്നും, ഇതുവരെ തമ്പുരാൻെറ പക്ഷത്തിൽചേൎന്നുനിന്നിരുന്നവർ ആയുധംവെച്ചു കീഴടങ്ങുന്നതായാൽ അവൎക്കു മാപ്പു നല്കുമെന്നും വിളംബരം ചെയ്യാനാണു് വെല്ലസ്ലി ഉറച്ചതു്. അങ്ങനെ ഒരു വിളംബരം ചെയ്യുന്നതു് തമ്പുരാൻെറ പക്ഷക്കാരായ ആളുകളുടെ സങ്കേതമെന്നു പറയപ്പെടുന്ന മാനഞ്ചേരി എന്ന സ്ഥലത്തുവെച്ചുതന്നെ വേണമെന്നും, എന്നാൽ നാട്ടുകാർ കൂട്ടത്തോടെ തമ്പുരാനെ വെടിഞ്ഞു് കമ്പനിയെ ശരണം പ്രാപിക്കുമെന്നും, പിന്നീടു കമ്പനിക്കു കോട്ടയംനാട്ടിൽ ഇഷ്ടംപോലെ അധികാരം നടത്തുവാൻ പ്രയാസമുണ്ടാകയില്ലെന്നുമാണു് വെല്ലസ്ലിയുടെ ആലോചനപോയതു്. വിളംബരപ്രകാരം കോട്ടയംനാടു അധീനപ്പെടുത്തിക്കഴിഞ്ഞാൽ തമ്പുരാൻെറ ആവശ്യത്തിലേക്കു് നാട്ടിൽനിന്നു കാട്ടിലേക്കു് കൊണ്ടുപോകുന്ന ഭക്ഷണസാധനങ്ങൾ നിരോധിച്ചും, യുദ്ധസാമൎത്ഥ്യമുള്ള പടയാളികളെക്കൂട്ടി പുരളിമലയെ പല ഭാഗങ്ങളിൽനിന്നുമായി ആക്രമിച്ചു തമ്പുരാനെപിടിച്ചു ബന്ധനസ്ഥനാക്കുവാൻ സാധിക്കുമെന്നും ഇംഗ്ലീഷുസേനാപതി ഉറച്ചു.

കർണ്ണൽ വെല്ലസ്‌ലിയുടെ ആലോചനയുടെ മുഴുവൻ വിവരവും ചാരചക്ഷുസ്സായ തമ്പുരാൻ ഗൂഢപുരുഷന്മാർ വഴിയായി മനസ്സിലാക്കി. മാനഞ്ചേരിയിൽ വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിൻെറ ചടങ്ങുകൾ എന്തെല്ലാമാണെന്നും, വിളംബരം പ്രസിദ്ധപ്പെടുത്തുന്നതി

ന്ന് എത്ര പടയാളികളോടുകൂടി ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് പോകുന്നതെന്നും അവരുടെ പോക്ക് ഏതു വഴിക്കാണെന്നും ചാരന്മാർ തമ്പുരാനെ ധരിപ്പിച്ചിരുന്നു. വിളംബരത്തിന്നു തീർച്ചപ്പെടുത്തിയ ദിവസം, മാനഞ്ചേരിയിൽ നടന്ന സംഭവങ്ങളുടെ വിവരം ഉടനടി തന്നെ വന്നറിയിക്കുവാൻ ചില കുറിച്ചിയരെ പ്രത്യേകം നിയോഗിക്കുകയും ചെയ്തിരുന്നു. മാനഞ്ചേരിയിൽ അന്നു നടന്ന സംഭവം ഏതാണ്ടിപ്രകാരമാണ്:-

വിളംബരത്തിന്നു നിശ്ചയിച്ച ദിവസം കാലത്തു കമ്പനിപ്പട്ടാളക്കാർ മാനഞ്ചേരിയിൽചെന്ന് ആളുകളെ വരുത്തുവാൻവേണ്ടി പറയടിച്ചുതുടങ്ങി. പറയുടെ ശബ്ദം കേട്ടപ്പോൾ ആളുകൾക്ക് പേടിയായി. എങ്കിലും നിശ്ചിത സ്ഥലത്തിന്നടുത്തു എത്തിച്ചേരുവാൻ ജനങ്ങൾ മടിച്ചില്ല. പ്രായം തികഞ്ഞ സകല പുരുഷന്മാരും വിളംബരം വായിക്കുന്നതു കേൾക്കാൻ ചെന്നുകൊള്ളണമെന്നു അമ്പുനായർ വീടുകൾതോറും ആളെ അയച്ചു അറിയിച്ചിട്ടുണ്ടായിരുന്നു. കമ്പനിപ്പട്ടാളത്തിൻെറ തലവനായ കപ്പിത്താൻ ലാറൻസിൻെറ അദ്ധ്യക്ഷതയിലാണു വിളംബരംവായന നിശ്ചയിച്ചിരുന്നതു്. അയാളുടെ ആജ്ഞപ്രകാരം പറയടി തുടങ്ങിയതോടുകൂടി ക്ഷേത്രത്തിൻെറ മുൻവശത്തുള്ള മൈതാനത്തിൽ ആളുകൾ സംഘം സംഘമായി വന്നുതുടങ്ങി. അക്കൂട്ടത്തിൽ അമ്പുനായരുടെ ആളുകളും ഉണ്ടായിരുന്നു. തമ്പുരാൻെറ കല്പനപ്രകാരം വിളംബരത്തിൻെറ വിവരമറിവാൻ മലയിൽ

KOTTAYAM PUBLIC LIBRARY
8805

നിന്നു വന്നിരുന്ന കുറിച്ച്യരെ കമ്പനിപ്പട്ടാളത്തിനു തിരിച്ചുപോകുവാനുള്ള വഴി തടയുന്നതിന്നായി അമ്പു നായർ ഒരിടത്തു ഒളിച്ചുനിറുത്തി. വിളംബരം വായിക്കുന്ന സ്ഥലത്തു കമ്പനിപ്പട്ടാളക്കാർ തോക്കു് പിടിച്ചു കൊണ്ടു് അണിനിരന്നു. ഉടനെ കാപ്റ്റൻ ലാറൻസ് കസാലയിൽ ഇരുന്നു വിളംബരം വായിക്കുന്നതിന്നു കല്പന കൊടുത്തു. വായന തുടങ്ങിയ ഉടനെ ആൾക്കൂട്ടത്തിൽനിന്നു് പെട്ടെന്നു് ഒരു വെടിപൊട്ടി. ആ വെടിയേറ്റു് വിളംബരവായനക്കാരൻ നിലംപതിച്ചു. ഉടനടി സായ്‌വ് തോക്കുമേന്തിക്കൊണ്ടു കസാലയിൽനിന്നു് എഴുന്നേററു. അതാ പൊട്ടുന്നു രണ്ടാമതും ഒരു വെടി. ആ സായ്‌വും നിലത്തുവീണു. ഈ രണ്ടു വെടിയും പൊട്ടിച്ചതു് തമ്പുരാൻ ദേശരക്ഷകനായി നിയമിച്ച അമ്പു നായരായിരുന്നു. സായ്‌വ് വീണതോടുകൂടി പട്ടാളക്കാർ വെടി തുടങ്ങി. നാട്ടുകാരിൽ കുറെ പേർ മരിച്ചു. ഏതാനും ആളുകൾ മുറിയേററു് വീഴുകയും ചെയ്തു. അപ്പോഴേക്കും ആളുകൾ പട്ടാളക്കാരെ വളഞ്ഞു. കാപ്റ്റൻ വീണതുകൊണ്ടു് പട്ടാളക്കാർക്കു ഉശിരില്ലാതെയായി. അവരെ മിക്കവാറും നായന്മാർ വാളിന്നിരയാക്കി. ശേഷമുള്ളവർ തിരികെപ്പോകുവാൻ ഓട്ടം തുടങ്ങി അവരും വഴിയിൽ ഒളിച്ചുനിന്നിരുന്ന കുറിച്ച്യരുടെ അമ്പുകൾക്കു ഇരയായിതീർന്നു.

85835

മാനന്തേരിയിലെ സംഭവം ഇംഗ്ലീഷ് സേനാപതിയെ കണക്കിലധികം പരിഭ്രമിപ്പിച്ചു. മുമ്പുകരുതി

യതു പോലെയല്ല കേരളവർമ്മ രാജാവിന്റെ സ്ഥിതി യെന്നും, കമ്പനിയെ പരാജയപ്പെടുത്തുന്നതിന്ന് ശ്രദ്ധ മായി അദ്ദേഹം പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടെന്നും, കൂടുതൽ സൈന്യങ്ങളോടും സാമഗ്രികളോടുംകൂടി പു റപ്പെട്ടാൽ മാത്രമെ കേരളവർമ്മയെ ജയിപ്പാൻ സാധി യ്ക്കയുള്ളവെന്നും, സേനാപതി തീർച്ചയാക്കി. അതുപ്രകാ രം പുതിയൊരു പോരാട്ടത്തിന്ന് അണിയൊരുക്കുവാൻ ആരംഭിക്കുകയും ചെയ്തു.

കേരളവർമ്മ രാജാവിന്നും മാനഞ്ചേരിയിലെ സം ഭവം മൂലം പുതിയ ചില ഏർപ്പാടുകൾ ചെയ്യേകഴിയൂ എന്ന നില വന്നുചേൎന്നു.മാനഞ്ചേരിയിൽ തന്റെ ഭാഗ ത്തേക്കു ജയമാണ് വന്നതെങ്കിലും അതൊരു പുലിവാലു പിടിക്കലായി എന്നു തമ്പുരാൻ തീരുമാനിച്ചു. തദനന്ത രം, ആർളാത്തു തമ്പി, കണ്ണവത്തു നമ്പ്യാർ, തലക്കൽച ന്തു, വള്ളൂർ ഏമൻ നായർ, എടച്ചേന കുങ്കൻ നായർ തുടങ്ങി സ്വാമി ഭക്തന്മാരും പ്രബലന്മാരുമായ സുഹൃത്തു ക്കളുമായി ആലോചിച്ച് നാട്ടിൽ പ്രമാണികളും പ്രബ ലന്മാരുമായ പ്രഭുക്കന്മാരെയെല്ലാം സ്വാധീനപ്പെടുത്തു വാൻ വേണ്ട ശ്രമങ്ങൾചെയ്തു. ഉത്തരകേരളത്തിലെ ശ്രുതിപ്പെട്ട പ്രഭുകുടുംബങ്ങളിലൊന്നായ കണ്ണവത്തുവീട്ടി ലെ ശങ്കരൻ നമ്പ്യാരെ തമ്പുരാൻ പ്രധാനമന്ത്രിയായി നിയമിച്ചു. ഈ നിയമംമൂലം ഇരുവനാട്ടു നമ്പ്യാന്മാർ ക ല്ല്യാട്ടുനമ്പ്യാന്മാർ,വേങ്ങയിൽ നായനാർ തുടങ്ങിയ പ്രഭു ക്കന്മാർ തമ്പുരാന്റെ വരുതിയിൽവന്നു. കൂടാതെ കടത്ത

നാട്ടുതമ്പുരാൻ, അവിഞ്ഞാട്ടു നായർ, പെരുവയിൽ നമ്പ്യാർ, ചുഴലിനമ്പ്യാർ മുതലായവരും കേരളവർമ്മ രാജാവിനെ സകലവിധത്തിലും സഹായിപ്പാൻ തെയ്യാറായി. ചുരുക്കത്തിൽ കേരളവർമ്മയെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നവരല്ലാതെ ഒരാൾപോലും ഉത്തരകേരളത്തിൽ ഇല്ലെന്നമട്ടായി.

കർണ്ണൽവെല്ലസ്‌ലി പഴശിനാട്ടിലെ പല മർമ്മസ്ഥാനങ്ങളിലും താവളമുറപ്പിച്ചു പാർപ്പിച്ചിരുന്ന പട്ടാളങ്ങളെ തിരികെ വിളിക്കുകയും കമ്പനിക്കാർ യുദ്ധസംരംഭങ്ങളിൽനിന്നു് പിൻവാങ്ങുകയാണെന്നു് കാണികൾക്കു തോന്നത്തക്കവിധം കുറച്ചുകാലം ഉദാസീനനിലകൈക്കൊള്ളുകയുമാണു് ചെയ്തതു്. കമ്പനിക്കാർ തോററു യുദ്ധം മതിയാക്കുവാൻ പോകയാണെന്നു് തൻെറ ആൾക്കാരിൽ ചിലർ പറഞ്ഞുവെങ്കിലും തമ്പുരാൻ അതു വിശ്വസിച്ചില്ലെന്നു മാത്രമല്ല നേരെമറിച്ചു നയജ്ഞനായ വെല്ലസ്‌ലിയുടെ ഒരു തന്ത്രമാണതെന്നും കൂടുതൽ ശക്തിയോടുകൂടി ആക്രമണം നടത്തുന്നതിന്നു് ഒരുക്കം കൂട്ടുകയാണു് ആയാൾ ചെയ്യുന്നതെന്നും അഭിപ്രായപ്പെടുകയും ചെയ്തു. തമ്പുരാൻെറ ആ അഭിപ്രായം ശരിയായിരുന്നു. പുരളിമലയിൽ പാർപ്പുറപ്പിച്ചിരിക്കുന്ന കേരളവർമ്മരാജാവിൻെറ വാസസ്ഥലം കണ്ടുപിടിക്കുകയും അദ്ദേഹത്തെ നിരോധിക്കുകയും ചെയ്യേണമെങ്കിൽ അദ്ദേഹത്തിൻെറ കീഴിലുള്ള പ്രഭുക്കന്മാരിൽ കുറെപേരെയെങ്കിലും സ്വാധീനപ്പെടുത്തിയാലല്ലാതെ സാധിക്കയി

ല്ലെന്നു് കർണൽ വെല്ലസ്ളിക്കു് അറിവുണ്ടായിരുന്നു. അതിനുവേണ്ടി സാമം, ദാനം, ഭേദം, ദണ്ഡം എന്ന നാലുപായങ്ങളും ആ സേനാപതി പ്രയോഗിച്ചു. അതിൻെറ ഫലമായി കുറെക്കാലം തമ്പുരാനെ ആശ്രയിച്ചു കഴിഞ്ഞവനും, സ്വാൎത്ഥലാഭത്തിന്നു സാധിക്കായ്കയാൽ സ്വാമിയുടെ പേരിൽ അതൃപ്തിയുള്ളവനുമായ ഒരു നായർ ഇംഗ്ലീഷുസേനാപതിയുടെ അധീനതയിൽ വരികയുണ്ടായി. പഴശ്ശിത്തമ്പുരാൻ പുരളിമലയിലെ പാർപ്പിടം വിട്ടു് കുററിയാടിച്ചുരത്തിലേക്കു പോയിട്ടുണ്ടെന്നും, ഒട്ടും താമസിക്കാതെ സൈന്യങ്ങളെ അയക്കുന്നതായാൽ തമ്പുരാൻെറ താമസസ്ഥലവും, തോക്കുകളും, ആയുധങ്ങളും മുതലായവയും പിടിച്ചടക്കുവാൻ വലിയ പ്രയാസമുണ്ടാകയില്ലെന്നും ആ നായർ സേനാപതിയെ ധരിപ്പിച്ചു. എന്നാൽ ബുദ്ധിമാനായ സേനാപതി ആയാളുടെ ഉപദേശത്തെ സ്വീകരിച്ചില്ല.

കേരളവർമ്മരാജാവു് കുററിയാടിച്ചുരമിറങ്ങിയിട്ടുണ്ടെന്നു് കേട്ടതു് പരമാർത്ഥമായിരുന്നു. കുററിയാടിവഴിക്കു് തമ്പുരാൻ മലയിറങ്ങിയതിനുള്ള കാരണം മറെറാന്നായിരുന്നു. കമ്പനിക്കാർ പല സ്ഥലങ്ങളിലും പാർപ്പിച്ചിരുന്ന സൈന്യങ്ങളെ പിൻവലിച്ചതായി മുമ്പുപറഞ്ഞുവല്ലോ. മണത്തന എന്ന സ്ഥലത്തും കമ്പനിപ്പട്ടാളത്തിൻെറ ഒരു പാളയമുണ്ടായിരുന്നു. മണത്തന ഒരു മർമ്മസ്ഥാനമാകയാൽ അവിടെ നിറുത്തിയിരുന്ന സൈന്യങ്ങളെ പിൻവലിച്ചുകഴിഞ്ഞിരുന്നില്ല. ക്യാപ്ററൻ

സ്റ്റുവർട്ട് എന്ന പടനായകൻെറ കീഴിൽ വളരെ ചെറുതല്ലാത്ത ഒരു സേനാവിഭാഗം മണത്തനയിൽ ഉണ്ടായിരുന്നു. ആ സൈന്യങ്ങളെ നശിപ്പിക്കുന്നതിന്നു വേണ്ടിയാണ് കേരളവർമ്മ രാജാവ് കുററിയാടി ചുരത്തിലൂടെ ഇറങ്ങിയത്.

കുററിയാടി ചുരമിറങ്ങിയസമയത്ത് കേരളവർമ്മ രാജാവിൻെറകൂടെ ഇരുനൂറു നായന്മാരും നൂററിഅമ്പത് കുറിച്ച്യന്മാരും മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ ചെറിയ സൈന്യത്തിൻെറ സഹായത്തോടുകൂടി മണത്തനയിലെ ശത്രുസൈന്യസങ്കേതത്തെ എതിക്കണമെന്ന് തമ്പുരാൻ കരുതിയിരുന്നില്ല. കമ്പനിപ്പട്ടാളത്തിൻെറ ആവശ്യത്തിലേയ്ക്കു വടക്കൻ പ്രദേശങ്ങളിൽ നിന്ന് ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നുണ്ടെന്നു ചാരന്മാർ മുഖേന അറിവുകിട്ടിയിരുന്നു. ആ ഭക്ഷണസാധനങ്ങൾ വഴിക്കുവെച്ച് കൈക്കലാക്കേണമെന്നും പട്ടാളക്കാരുടെപാളയം തകർക്കുവാൻ സൌകര്യമാകുന്നപക്ഷം അതും ചെയ്യണമെന്നുമാണ് തമ്പുരാനുണ്ടായിരുന്ന ഉദ്ദേശം.

പഴശ്ശിത്തമ്പുരാൻ കാട്ടിൽ നിന്ന് നാട്ടിലേയ്ക്കു ഇറങ്ങിയിട്ടുണ്ടെന്നവിവരം തലശ്ശേരിയിലെ പട്ടാള മേധാവികളെ കലശലായി ക്ഷോഭിപ്പിച്ചു. മണത്തനയിലെ കമ്പനിപ്പട്ടാളക്കാരെ തമ്പുരാൻെറപടയാളികൾആക്രമിക്കാതിരിക്കയില്ലെന്ന് ഇംഗ്ലീഷുസേനാപതി മനസ്സുകൊണ്ടുറച്ചു. മണത്തനയിൽനിന്നു പട്ടാളത്തെ തിരികെ വിളിയ്ക്കുകയാണെന്നും ആ പട്ടാളത്തിൻെറ സഹായത്തിന്നു

ഉടൻതന്നെ കുറെപ്പടയാളികളെ അയക്കേണമെന്നും സേനാപതി കല്പിച്ചു. ഈ സഹായസൈന്യത്തിൻെറ വരവു കൂടിയുണ്ടെന്നറിഞ്ഞപ്പോൾ തമ്പുരാൻ, കമ്പനിക്കാർക്കു കൊണ്ടുവരുന്ന ഭക്ഷണസാധനങ്ങൾ കൈവശപ്പെടുത്തേണ്ട ഭാരം വിശ്വസ്തന്മാരായ ചിലരെ ഏല്പിച്ച്, താനും അനുയായികളും കൂടി മണത്തനയിലേയ്ക്കുതന്നെ തിരിക്കുവാൻ തീരുമാനിയ്ക്കുയാണ് ചെയ്തതു്.

ഇതിന്നിടയിൽ, നാട്ടിൽ പ്രമാണികളെല്ലാം തമ്പുരാൻെറ പക്ഷക്കാരനാണെന്നും, ഇംഗ്ലീഷുസൈന്യത്തെ നിശ്ശേഷം തോല്പിക്കുവാൻ ശ്രദ്ധമായി പല അടവുകളും തമ്പുരാൻ പ്രയോഗിയ്ക്കുന്നുണ്ടെന്നും, തലശ്ശേരിയിൽപ്രസിദ്ധമായി. കമ്പനിഉദ്യോഗസ്ഥന്മാർ ഏററവും പരിഭ്രമിച്ചു. കർണ്ണൽ വെല്ലസ്ലിക്കു മാത്രം യാതൊരുക്ലേശവും ഉണ്ടായിരുന്നില്ല. ഇന്നല്ലെങ്കിൽ നാളെ തമ്പുരാനെക്കൊണ്ടുള്ള ശല്യം ഇല്ലാതാക്കുവാൻ തനിക്കുകഴിവുണ്ടെന്നു് യുദ്ധതന്ത്രജ്ഞനായ അദ്ദേഹത്തിന്നു് നല്ലവിശ്വാസമുണ്ടായിരുന്നു.

കുററിയാടിച്ചുരമിറങ്ങിയതിന്നുശേഷം തമ്പുരാൻ ചില ഇടുങ്ങിയവഴികളിൽ കൂടി കുറെ കുറിച്ച്യരെ മണത്തനയിലേയ്ക്കു അയച്ചു. അവിടത്തെ പാളയം അഭേദ്യമാണെന്നു കാണുകയാൽ താനും നായർപട്ടാളങ്ങളും ഭയപ്പെട്ടു മലയിലേക്കു തന്നെ കയറി യെന്നു് ഒരു വർത്തമാനം നാട്ടിലെങ്ങും പരത്തുകയുംചെയ്തു. ഈ ശ്രുതി

പരന്നതോടുകൂടി ക്യാപ്ടൻ സ്ററുവർട്ടിന്നു കുറെ സമാധാനമായി.

അടുത്തദിവസം കാലത്തു ക്യാപ്ടൻ സ്ററുവർട്ടു ചായകുടിയ്ക്കാനിരിയ്ക്കുമ്പോൾ അസാധാരണമായ ചില ശബ്ദങ്ങൾ കേട്ടു. അതിനെ തുടൎന്നുകൊണ്ടു എവിടെനിന്നെറിയാതെ പാളയത്തിൽ അസ്ത്രങ്ങൾവന്നു വീഴുവാൻതുടങ്ങി. പാളയം കാവൽക്കാരിൽ പലരും അമ്പുകളേററു നിലംപതിച്ചു. ഉടനെ സേനാപതി കാഹളം വിളിക്കുകയും, അതു കേട്ടു ഭടന്മാർ പാളയത്തിലേക്കു ഓടിവരികയും ചെയ്തു. അപ്പോഴും അമ്പുകൾ തെരുതെരെ വന്നു വീണുകൊണ്ടിരുന്നു. അതിൻഫലമായി വളരെപേർ മരണമടഞ്ഞു. കാപ്ടൻ സ്ററുവാർട്ടിൻെറ തുടയിലും ഒരമ്പുവന്നുകൊള്ളുകയും തുടമുറിഞ്ഞു ധാരധാരയായിചോരഒഴുകുകയും ചെയ്തു. ഇത്രത്തോളമായപ്പോഴേക്കും വെടിപൊട്ടുന്ന ശബ്ദങ്ങൾ കേട്ടുതുടങ്ങി. തമ്പുരാൻെറനേതൃത്വത്തിൽ വന്നിരുന്ന നായർ പട്ടാളക്കാരുടെ വെടിയായിരുന്നു അതു്. കുറിച്യരുടെ അമ്പുകളേററും നായന്മാരുടെ വെടിയുണ്ടകൾ കൊണ്ടും പട്ടാളക്കാരിൽ ഒട്ടധികം പേർ മൃതിയടഞ്ഞു. തുടയിൽനിന്നുള്ള രക്തപ്രവാഹം സഹിപ്പാനാകാതെ ക്യാപ്ടൻസ്ററുവാർട്ടും നിലത്തുവീണു ആ സമയത്തേയ്ക്കു തമ്പുരാനും സൈന്യങ്ങളും പാളയത്തിൽ എത്തിക്കഴിഞ്ഞു. പിന്നെ പറയത്തക്കപോരാട്ടമൊന്നും ഉണ്ടായില്ല. കമ്പനിപ്പട്ടാളത്തിൽ ഒരുവൻ പോലും ശേഷിച്ചില്ല. മൃതിയടഞ്ഞ പട്ടാളക്കാരെ കുഴിച്ചിട്ടു

ന്നതിന്നും, മുറിയേററ കാപ്ടനെ വേണ്ടവിധംശുശ്രൂഷി ക്കുന്നതിന്നും, പേടിച്ചോടിയ പടയാളികളെ തേടിപ്പി ടിച്ച് അവരുടെ ആയുധങ്ങൾ കൈവശമാക്കുന്നതിന്നും തമ്പുരാൻ കല്പിച്ചു.

ഇങ്ങിനെ മണത്തനയിലെ ആക്രമണത്തിൽ പഴ ശ്ശിരാജാവിന്ന് പരിപൂർണ്ണമായ ജയം സിദ്ധിച്ചു. ഈ യുദ്ധത്തിൽ അഞ്ഞൂറ തോക്കുകളും, അവയ്ക്കാവശ്യമുള്ള ഉപകരണങ്ങളും വളരെ ഭക്ഷണപദാർത്ഥങ്ങളും കമ്പ നിപ്പട്ടാളത്തിന്റെ ഉടുപ്പു—തലയിൽകെട്ട് മുതലായവ യും, മുവ്വായിരം ഉറുപ്പികയും തമ്പുരാൻ പിടിച്ചടക്കി. പിന്നെ അടുത്തുള്ള ഭഗവതിക്ഷേത്രത്തിൽ പോയി കുളി ച്ചുതൊഴുതു സ്വസ്ഥതയോടുകൂടി നാട്ടുകാര്യങ്ങൾ അന്വേ ഷിക്കുകയാണ് തമ്പുരാൻ ചെയ്തതു്.

കേരളവർമ്മരാജാവിന്റെ പക്ഷത്തിൽനിന്ന് അ ദ്ദേഹത്തിന്ന് പല സഹായങ്ങളും ചെയ്തുകൊണ്ടിരുന്ന പ്രമാണികളായ നായന്മാരെ തേടിപ്പിടിച്ചു ബന്ധന ത്തിലാക്കുവാൻ കർണ്ണൽവെല്ലസ്ലി ഏർപ്പാടു ചെയ്തിട്ടു ണ്ടായിരുന്നു. പക്ഷെ എത്ര ശ്രമിച്ചിട്ടും സേനാപതി യുടെ ആ ഉദ്ദേശം മതിയാംവണ്ണം ഫലിയ്ക്കുകയുണ്ടാ യില്ല. ചുഴലിനമ്പ്യാർ, ഏമൻനായർ എന്നീ രണ്ടുപേ രെമാത്രം ചതി പ്രയോഗിച്ചു തമ്പുരാന്റെ വരുതിയിൽ നിന്ന് തെററിയ്ക്കുവാൻ ഒരു വിധം സാധിച്ചുവെന്ന് പറയാം. ചുഴലിനമ്പ്യാർ ദേഹത്തിനു സ്വാധീനത യില്ലാത്ത ആളായിരുന്നതുകൊണ്ട് അദ്ദേഹത്തെ പിടി

ച്ച തലശ്ശേരിയിൽ കൊണ്ടുപോയി പാർപ്പിച്ചു. ഏമൻ നായരെ ചതിച്ച് ശ്രീരംഗപട്ടണത്തിലേക്കു മാററുകയും ചെയ്തു. മററുള്ളവരെ പിടികിട്ടാത്തതുകൊണ്ട് വെല്ലസ്ലി തൻെറ കീഴുദ്യോഗസ്ഥന്മാരോടു സാമാന്യത്തിലധികം കോപിച്ചു.

ഇങ്ങിനെ ഇരിക്കുന്ന സന്ദർഭത്തിലാണ് മണത്തനയിലെ പട്ടാളപ്പാളയം തകർത്തതും അവിടെ നിറുത്തിയിരുന്ന പട്ടാളക്കാരെ നിശ്ശേഷം നശിപ്പിച്ചതും, അവരുടെ യുദ്ധസാമഗ്രികൾ പിടിച്ചടക്കിയതുമായ വർത്തമാനം കർണ്ണൽവെല്ലസ്ലിയുടെ കർണ്ണങ്ങളിൽ വന്നുചേർന്നതു്. തീരെ അപ്രതീക്ഷിതമായിരുന്ന ഈ വർത്തമാനം അദ്ദേഹത്തെ അതിരും എതിരുമില്ലാത്ത വിധം കുപിതനാക്കിത്തീർത്തു. ''ഇരിക്കട്ടെ; മേജർ ഹോംസിൻെറ നേതൃത്വത്തിൽ കുറെ സൈന്യങ്ങളെ അയച്ചിട്ടുണ്ടല്ലോ. ഹോംസ് സമർത്ഥനായ ഒരു യോദ്ധാവായതുകൊണ്ട് വിജയത്തോടുകൂടി തിരിച്ചുവരാതിരിക്കയില്ല'' എന്ന് ഇംഗ്ലീഷുസേനാപതി സ്വയം സമാധാനിച്ചു.

മേജർഹോംസിൻേറയും പട്ടാളക്കാരുടേയും സ്ഥിതി കർണ്ണൽവെല്ലസ്ലിയുടെ പ്രതീക്ഷയിൽനിന്ന് തുലാം വ്യത്യസ്തമായിട്ടാണ് വന്നുചേർന്നതു്. മണത്തനയിലെ സംഭവം കഴിഞ്ഞ പിറെറ ദിവസമായിരുന്നു മേജർ ഹോംസും പട്ടാളങ്ങളും തമ്പുരാൻെറ സൈന്യങ്ങളോടെതിർത്തതു്. തമ്പുരാൻെറ സൈന്യത്തെ നയിച്ചിരുന്നതു് രണനിപുണനായ അമ്പുനായരായിരുന്നു. അദ്ദേഹം മേ

ജർഹോംസിൻെറ സൈന്യത്തെ മൂന്നു ഭാഗങ്ങളിൽക്കൂടെ ആക്രമിച്ചു. മേജർഹോംസും ആയാളോടൊരുമിച്ചുണ്ടായിരുന്ന നാലു യൂറോപ്യന്മാരും എതിൎത്തുനില്ക്കുവാൻ സാധിക്കാതെ ആയുധം വെച്ച് അമ്പുനായൎക്കു കീഴടങ്ങി. തോക്കുകൾ മുതലായ യുദ്ധസാമഗ്രികൾ ഒട്ടുവളരെ അമ്പുനായരുടെ സൈന്യങ്ങൾ പിടിച്ചടക്കുകയും ചെയ്തു. മേജർഹോംസിനേയും കൂടെയുള്ള യൂറോപ്യന്മാരെയും അമ്പുനായർ പുരളിമലയിലേക്കു കയററിക്കൊണ്ടുപോകയുംചെയ്തു. ക്യാപ്ടൻ സ്ററുവർട്ട് പരുക്കേററ് മുമ്പുതന്നെ ശത്രുക്കളുടെ കയ്യിൽപെട്ടു; ഇപ്പോൾ ഇംഗ്ലീഷു സേനാപതിയുടെ ഉററമിത്രമായ മേജർഹോംസും നാലു യൂറോപ്യൻന്മാരും ശത്രുക്കൾക്കു കീഴടങ്ങുകയും ചെയ്തു. തൻെറ ഉദ്ദേശങ്ങളും ഉപായങ്ങളും ഇങ്ങിനെ വിപരീതമായി തീൎന്നതിന്നു കാരണം കീഴദ്ദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മയാണെന്നും കള്ളൻ കപ്പലിൽതന്നെയാണ് ഇരിക്കുന്നതെന്നും വെല്ലസ്ലി വിചാരിച്ചു. തലശ്ശേരിയിൽ കമ്പനിക്കാൎയ്യങ്ങൾ നോക്കിവന്നിരുന്ന സൂപ്രവൈസർ ഒരു സിവിൽ ഉദ്യോഗസ്ഥനായിരുന്നു. സിവിൽ ഉദ്യോഗസ്ഥന്മാരുടെ മേൽ പട്ടാള ഉദ്യോഗസ്ഥനായ കർണ്ണൽവെല്ലസ്ലിക്ക് അധികാരം നടത്തുവാൻ സൌകൎയ്യമില്ലായിരുന്നു. അതിനാൽ തൻെറ മിലിററി അധികാരത്തിന്നു ശക്തികൂട്ടുവാൻ വെല്ലസ്ലി പല പ്രയോഗങ്ങളും പ്രയോഗിക്കാതിരുന്നില്ല.

ചുഴലിനമ്പ്യാരുടേയും ഏമൻനായരുടേയും ദുര

വസ്ഥ കണ്ടു നാട്ടിലെ പ്രമാണികൾ തമ്പുരാനിൽനിന്നു ഭിന്നിക്കുമെന്നാണ് വെല്ലസ്ലി വിചാരിച്ചതു്. നാട്ടുപ്രമാണികളെ തേടിപിടിച്ചു് കഠിനമായി ശിക്ഷിച്ചാൽ തമ്പുരാനു നില്ക്കള്ളിയില്ലാതാകുമെന്നും അപ്പോൾ അദ്ദേഹം തീർച്ചയായും കമ്പനിക്കു കീഴടങ്ങുമെന്നും ബുദ്ധിമാനായ സേനാപതി തീർച്ചയാക്കി. വെല്ലസ്ലിയുടെ ഈ തന്ത്രം നയജ്ഞനായ തമ്പുരാന്റെ മനസ്സിലും കുറെ ആശങ്കയുളവാക്കി. നാട്ടിലെ പ്രമാണികൾ തന്റെ ചൊല്പടിക്കു് നില്ക്കുന്നതിനാൽ മാത്രമാണ് തനിക്കു് കമ്പനിക്കാരോടു് പൊരുതുവാൻ സാധിക്കുന്നതെന്നും, നാട്ടുകാരുടേയും കച്ചവടക്കാരുടേയും സഹായമില്ലെങ്കിൽ തോക്കുകൾ മുതലായ യുദ്ധസാമഗ്രികളും ഭക്ഷണസാധനങ്ങളും തനിക്കു ശേഖരിക്കുവാൻ സാധിക്കയില്ലെന്നും തമ്പുരാന്നു് അറിയാമായിരുന്നു. നാട്ടുകാരെ തന്നിൽനിന്നു ഭിന്നിപ്പിക്കുവാൻ ഇംഗ്ലീഷു സേനാപതി ശ്രമിക്കുന്നതു് കേരളവർമ്മരാജാവിന്നു വലിയ അസഹ്യതയുളവാക്കി. ബലവാനായ ശത്രുവിന്റെ പക്ഷക്കാരിൽ പരാക്രമം കാണിക്കുക എന്ന കർണ്ണൽവെല്ലസ്ലിയുടെ പ്രത്യനീകനയം, തമ്പുരാന്റെ കരുതൽ എത്രതന്നെ ഉണ്ടായിട്ടും, ഏറക്കുറെ ജയിക്കുകതന്നെ ചെയ്തു.

ക്രിസ്താബ്ദം 1792ൽ മലയാളക്കര ബ്രിട്ടീഷു മേൽക്കോയ്മയിൽ വരികയും ഇന്നാട്ടിലെ രാജാക്കന്മാരും നാട്ടുവാഴികളായ പ്രഭുക്കന്മാരും ബ്രിട്ടീഷുഭരണാധികാരികൾക്കു കീഴടങ്ങുകയും ചെയ്തു. നമ്മുടെ ചരിത്രപുരുഷനായ

വീരശ്രീ കോട്ടയത്തു പഴശ്ശികേരളവമ്മരാജാവുമാത്രം ബ്രിട്ടീഷുകാരുടെ മേൽക്കോയ്മയെ തെല്ലും സമ്മതിച്ചു കൊടുത്തില്ല. 1799ൽ ടിപ്പുസുൽത്താന്റെ പതനത്തിന്നു ശേഷം പഴശ്ശിക്കധീനമായിരുന്ന വയനാട്ടുപ്രദേശംബ്രിട്ടീഷുകാർ മലബാറിനോടു കൂട്ടിച്ചേത്തു. എങ്കിലും ആ കൂട്ടിച്ചേത്തത് കേരളവമ്മരാജാവു് സമ്മതിച്ചില്ല. 1799 മുതല്ക്കു ബ്രിട്ടീഷുകമ്പനിക്കാരും പഴശ്ശിരാജാവും തമ്മിൽ ഭയങ്കരമായ യുദ്ധംനടന്നു. അതിൽ ബ്രിട്ടീഷുയുദ്ധവിദഗ്ദ്ധന്മാരും രാജാവിന്റെ സേനാനികളും തമ്മിൽ പല ഏററുമുട്ടലുകളും ഉണ്ടാകയും അവയിൽ പലതിലും രാജാവിന്റെ പക്ഷക്കാർ ശത്രുക്കൾക്ക് ഗണ്യമായ നാശനഷ്ടങ്ങൾ വരുത്തുകയുംചെയ്തു. അതിന്റെ ഒരു ചുരുങ്ങിയ വിവരമാണ് ഇതിനുമുമ്പു് പ്രസ്താവിച്ചുകഴിഞ്ഞതു്. പഴശ്ശിരാജാവിന്റെ പ്രധാനസങ്കേതമായ പഴശ്ശിയിൽതാമസിക്കുന്നതു് സുരക്ഷിതമല്ലെന്നു കാണുകയാൽ പുരളിമലയിലെ അജ്ഞാതമായ ഒരു സ്ഥലത്തേക്ക് രാജാവ്മാറിതാമസിച്ചു. ധീരന്മാരും രാജഭക്തന്മാരുമായ നാട്ടുകാർ രാജാവിന്റെകല്പനയിൻകീഴിൽ വത്തിക്കുന്നകാലത്തോളം പഴശ്ശിരാജാവിനെ കീഴടക്കുവാൻ സാധിക്കുകയില്ലെന്നു ബുദ്ധിമാനായ കണ്ണൽ വെല്ലസ്ലി എന്ന ബ്രിട്ടീഷു സേനാപതിക്ക് പൂണ്ണബോധ്യമുണ്ടായിരുന്നു.അതിനാൽ അദ്ദേഹം രാജാവിന്റെ പ്രധാനസഹായകന്മാരായ ആളുകളെ സാമദാന ഭേദദണ്ഡങ്ങൾ പ്രയോഗിച്ചു് രാജാവിൽനിന്ന് അകററുവാനും, കാട്ടിൽ പാർക്കുന്ന രാജാ

വിന്നും പരിവാരങ്ങൾക്കും നാട്ടിൽനിന്നു ഭക്ഷണസാധനങ്ങളും മററും കൊണ്ടുപോകുന്നത് മുടക്കുവാനും പല വിധവും പരിശ്രമിച്ചു. തൽഫലമായി തമ്പുരാനുംകൂട്ടുകാരും ശരിക്കു ഭക്ഷണംപോലും കിട്ടാതെ ക്ലേശിപ്പാനിടയാകയും ചെയ്തു. കർണ്ണൽ വെല്ലസ്ലിയുടെ ഈ പരോക്ഷമായ അക്രമണത്തിൻെറ സംക്ഷിപ്തവിവരം മുമ്പ് വിവരിക്കപ്പെട്ടിട്ടുണ്ട്. അവസാനമായി പഴശ്ശിരാജാവും ബ്രിട്ടീഷു പടയാളികളും തമ്മിൽ ഒരു വലിയസംഘട്ടനംഉണ്ടായി. രാജാവിൻെറപടയാളികളും മലയരായകുറിച്ചിയരും അതിധീരതയോടുകൂടി ശത്രുസൈന്യത്തെ പ്രതിരോധിച്ചുവെങ്കിലും ആ യുദ്ധത്തിൽ രാജാവു് മരണമടഞ്ഞു. 1805 നവമ്പർ 30-ാം തിയ്യതിയാണു് ഈ സംഭവമുണ്ടായതു്. അന്നേക്കു് തുടർച്ചയായി ആറുസംവത്സരം കാലം പഴശ്ശിരാജാവും ബ്രിട്ടീഷുകാരും തമ്മിൽ യുദ്ധം നടന്നു കഴിഞ്ഞിരുന്നു. രാജാവിൻെറ ചരമഗതിയെക്കുറിച്ചു പലരും പലവിധത്തിൽ അഭിപ്രായം പറയുന്നുണ്ടു്. ശത്രുക്കളുടെ കൈകൊണ്ടുമരണമടഞ്ഞു എന്നു ഒരു പക്ഷക്കാർ സമ്മതിക്കുന്നില്ല. ശത്രുഹസ്തത്തിൽ അകപ്പെട്ടുഎന്നു കണ്ടപ്പോൾ രാജാവു് വൈരമോതിരം വിഴുങ്ങി സ്വയമേവ പ്രാണത്യാഗം ചെയ്കയാണുണ്ടായതെന്നാകുന്നു അവരുടെ പക്ഷം. ഏതായാലും കേരളത്തിലെ ധീരോദാത്ത ചരിത്രത്തിൽ പഴശ്ശി കേരളവമ്മരാജാവിന്നുള്ളസ്ഥാനം ഏററവും അഭ്യർഹിതമാണെന്നു നിസ്സംശയം പറയാം. 1857ലെ ദേശീയവിപ്ലവം ആരംഭിക്കുന്ന

തിന്നു അരനൂററാണ്ടിന്നു മുമ്പുതന്നെ കേരളത്തിൽ വിദേശീയ ഭരണാധികാരികളെ ആട്ടിയോടിക്കുന്നതിന്നുള്ള വിപ്ലവം പഴശ്ശിരാജാവിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെട്ടുകഴിഞ്ഞിരുന്നുവെന്നു തീർത്തുപറയാം!

പഴശ്ശി കേരളവമ്മരാജാവു് ആയോധനവിദ്യയിലെന്നപോലെ ശാസ്ത്രത്തിലും സാഹിത്യത്തിലും വിദഗ്ദ്ധനായ ഒരു വിദ്വാൻ കൂടിയായിരുന്നു. കോട്ടയംകഥകൾ എന്നു പ്രസിദ്ധമായി അറിയപ്പെടുന്ന കിമ്മീരവധം മുതലായ നാലു ആട്ടക്കഥകളുടെ കത്താവും അവയുടെ ആട്ടത്തിൻെറ സംവിധാതാവും പഴശ്ശിരാജാവായിരുന്നുവെന്നു സാഹിത്യചരിത്രഗവേഷകന്മാരിൽ ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. ആ അഭിപ്രായം അതേപടി സ്വീകാര്യമാണെന്നു പറയുവാൻ വയ്യ. അതിനെസ്വീകരിക്കുന്ന പക്ഷം കോട്ടയം കഥകൾ എഴുതപ്പെട്ടിട്ടു 160ൽ താഴെ സംവത്സരമെ ആയിട്ടുള്ളുവെന്നു വരും. കഥകളിയെപ്പററി കൂടുതൽ അറിവുള്ള പലരും കോട്ടയം കഥകൾക്കു് അതിലെത്രയോ അധികം പഴക്കമുണ്ടെന്നു് പറഞ്ഞുകേട്ടിട്ടുണ്ടു്. കിമ്മീരവധം നിർമ്മിതമായ കാലത്തു് കോട്ടയത്തു് ഒരു കേരളവർമ്മ രാജാവാണു് നാടു വാണിരുന്നതെന്നും അദ്ദേഹത്തിൻെറ അനുജനാണു് ആ ആട്ടക്കഥയുടെ കത്താവെന്നും ആഭ്യന്തരമായ തെളിവുകളെക്കൊണ്ടു് തീരുമാനിക്കാം. പഴശ്ശിരാജാവു് കഥകളിയിൽ വിദഗ്ദ്ധനും നല്ലൊരു നടനസംവിധാതാവും ആയിരുന്നുവെന്നുമാത്രം ഇവിടെ

പ്രസ്താവിക്കാം. കഥകളിയുടെ കർത്തൃത്വമില്ലെങ്കിലും പഴശ്ശിരാജാവിൻെറ കവിത്വം ഏവരാലും പ്രശംസനീയമാകുന്നു.

"ജാതേ ജാതാനുകമ്പാ ഭവശരണമയേ
മല്ലികേ കുപ്പുകൈതേ
കൈതേ കൈതേരിമാക്കം കബരിയിലണിവാ-
നാഞ്ഞെടുക്കും ദശായാം
ഏതാ നേതാൻ മദീയാനലർശരപരിതാ-
പോദയാൻ ഹന്ത നീ താൻ
നീ താൻ നീ താനുണർത്തീടുക ചടുലകയൽ-
ക്കണ്ണിതൻ കണ്ണമൂലേ"

എന്ന സുപ്രസിദ്ധമായ ശ്ലോകം പഴശ്ശികേരളവമ്മരാജാവിൻെറ കൃതിയാണത്രെ. 'കൈതേരിമാക്കം' പഴശ്ശിയുടെ സഹധർമ്മചാരിണിയാണ്. ശത്രുക്കളോട് പടവെട്ടുന്ന കാലത്ത് ഒരിക്കൽ രാജാവ് ഭാര്യാവിരഹത്താൽ സന്തപ്തനായി, ദൂരസ്ഥയായ പത്നിയെക്കുറിച്ച് നിമ്മിച്ചതാണത്രെ ഇപ്പദ്യം. ഈയൊരു പദ്യമല്ലാതെ പഴശ്ശിയുടെ കൃതിയായിട്ട് വേറെ പദ്യങ്ങൾ ഉള്ളതായി അറിവില്ല എന്നാൽ ഒന്ന് നിശ്ചയമാണ്. ഈ ഒരൊററപ്പദ്യം കൊണ്ടുതന്നെ അദ്ദേഹം ഒരുത്തമകവിയായിരുന്നുവെന്നു ധിഷണാശാലികൾക്ക് അനുമിക്കാവുന്നതാകുന്നു.

1805-ൽ വീരസ്വർഗ്ഗം പ്രാപിച്ച കേരളവർമ്മ പഴശ്ശിരാജാവിൻെറ സ്മരണ നിലനിർത്തുമാറ് "പഴശ്ശി

ഇറിഗേഷൻ പ്രോജക്ട്" എന്നൊരു വലിയ ജലസേചന പദ്ധതി ഉണ്ടായിവരുന്നുണ്ട്. അതു പൂർത്തിയായാൽ കൊല്ലംതോറും 20000 മെട്രിക് ടൺ നെല്ല് കൂടുതൽ വിളയിക്കാൻ തക്കവിധം ജലസേചനം ചെയ്യുകയും ഒരു ലക്ഷംപേർക്ക് ശുദ്ധജലം കിട്ടുമാറാകയും ചെയ്യും. നാട്ടിനും നാട്ടുകാർക്കും വേണ്ടി ജീവിച്ച ആ മഹാത്മാവിന്റെ സ്മാരകമായി ഈ വിവിധോദ്ദേശപദ്ധതി വിജയിച്ചുവരുമാറാകട്ടെ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 1708 K.M.    Acc. No. 85835

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M108 85836

K. M.

[illegible]

ലക്ഷ്മീകല്യാണം